# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ: 169**

**22-01-2014- ൽ മറുപടിക്ക്**

## ഹൗസ് ബോട്ടുകളുടെ നിയന്ത്രണം

**ചോദ്യം**

**ശ്രീ. റോഷി അഗസ്റ്റിൻ :**

**ഡോ. എൻ. ജയരാജ് :**

**ശ്രീ. എം. വി. ശ്രേയാംസ് കുമാർ :**

**ശ്രീ. പി. സി. ജോർജ് :**

(എ) ഹൗസ് ബോട്ട് മേഖലയെ നിയന്ത്രിക്കുന്നതിനും ഇവയുടെ സുരക്ഷയ്ക്കും ഇവമൂലം ഉണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനും എന്ത് സംവിധാനമാണുള്ളത് ;

**മറുപടി**

**ശ്രീ. കെ.ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)**

(എ) ഹൗസ് ബോട്ട് മേഖലയെ നിയന്ത്രിക്കുന്നതിനും ഇവയുടെ സുരക്ഷയ്ക്കും അവ മൂലമുണ്ടാകുന്ന മലിനീകരണ പ്രശ്നപരിഹാര നിർദ്ദേശങ്ങൾ പഠിച്ച് സമർപ്പിക്കുന്നതിനുമായി ടൂറിസം സെക്രട്ടറി ചെയർമാനായി ഒമ്പതംഗ കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തുകയും, പ്രസ്തുത കമ്മിറ്റി 2013 മെയ് മാസത്തിൽ സർക്കാരിന് വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിലെ പ്രധാന ശുപാർശ നിലവിലുള്ള കെ.ഐ.വി. റൂൾ 2010 ഭേദഗതി ചെയ്യുക എന്നതാണ്. ഇതിൻമേൽ സർക്കാർ തലത്തിൽ പലവട്ടം ചർച്ചകൾ നടത്തുകയും ഒമ്പതംഗ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർ നടപടിയായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

- ആലപ്പുഴയിലും കുമരകത്തും ഡ്രൈ ഡോക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- വേമ്പനാട് കായലിലേയും തണ്ണീർമുക്കം ബണ്ടിന്റെ വടക്കുഭാഗത്തുള്ള കൊച്ചി കായലിലെയും ബോട്ടുകളുടെ സുരക്ഷയ്ക്കായി എറണാകുളത്ത് ഒരു ഡ്രൈഡോക്ക് പണിയുന്ന കാര്യം പരിശോധിച്ചു വരുന്നു.
- തുറമുഖ വകുപ്പിനായി ഒരു വാട്ടർ ആമ്പുലൻസ് വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

- പുന്നമടയിലുള്ള ബോട്ട് ജെട്ടി സുരക്ഷിതമാക്കാൻ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.
- ഇടയ്ക്കിടെ ബോട്ടുകൾ പരിശോധന നടത്താൻ 5 സ്പീഡ് ബോട്ടും 4 ഡിങ്കികളും വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
- വേമ്പനാട് കായലിൽ ആലപ്പുഴ - കുമരകം റൂട്ടിൽ 30 ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിച്ചുകഴിഞ്ഞു.
- ഹൗസ് ബോട്ടുകളിൽ KIV Rule Implementation ഉദ്യോഗസ്ഥൻമാർ Surprise Inspection നടത്തുകയും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത ബോട്ടുകൾക്ക് സ്റ്റോപ്പ് മെമ്മോ നൽകാറുമുണ്ട്.
- ഹൗസ് ബോട്ടുകളിൽ നിന്ന് മാലിന്യം ഒഴിവാക്കുന്നതിന് ആലപ്പുഴയിൽ ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പരീക്ഷണാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത അഞ്ച് ബോട്ടുകളിൽ ബയോ ടാങ്ക് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- രണ്ട് ഫയർ ഫൈറ്റിംഗ് ബോട്ടുകൾ വാങ്ങുന്നതിനും, കൊടുങ്ങല്ലൂരിൽ ബോട്ട് റിപ്പയർ യാർഡ് സ്ഥാപിക്കുന്നതിനും, ആലപ്പുഴയിൽ ഒരു മൊബൈൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഹൗസ് ബോട്ടുകളുടെ എണ്ണം ഓരോ സീസണിലും വർദ്ധിക്കുന്ന സാഹചര്യത്തിൽ ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് ഫലപ്രദമായ സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഹൗസ് ബോട്ടുകളിൽ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഹൗസ് ബോട്ടിലെ യാത്രക്കാർക്കും ജോലിക്കാർക്കും സുരക്ഷ ഉറപ്പുവരുത്തുന്നതിനും മലിനീകരണം ഫലപ്രദമായി തടയുന്നതിനും ഉതകുന്ന തരത്തിൽ നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ?

(സി) ഹൗസ് ബോട്ട് മേഖലയെ നിയന്ത്രിക്കുന്നതിനും ഇവയുടെ സുരക്ഷയ്ക്കും അവ മൂലമുണ്ടാകുന്ന മലിനീകരണ പ്രശ്നപരിഹാര നിർദ്ദേശങ്ങൾ പഠിച്ച് സമർപ്പിക്കുന്നതിനുമായി ടൂറിസം സെക്രട്ടറി ചെയർമാനായി ഒമ്പതംഗ കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തുകയും, പ്രസ്തുത ഒമ്പതംഗ കമ്മിറ്റിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹൗസ് ബോട്ടുകളിലെ യാത്രക്കാർക്കും ജോലിക്കാർക്കും സുരക്ഷ ഉറപ്പു

വരുത്തുന്നതിനും മലിനീകരണം ഫലപ്രദമായി തടയുന്നതിനും ഉതകുന്ന തരത്തിൽ നിയമം ഭേദഗതി ചെയ്യുന്നതിനുള്ള തുറമുഖ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**